# സ്നേഹം, ദയ.... വില്പനയ്ക്ക്

ഡോ. ഉമീദ്ഖാൻ

ഈ പ്രകൃതിയിൽ - സ്ഥൂലസൂക്ഷ്മപ്രപഞ്ചത്തിൽ നമ്മളും നമ്മളും മാത്രമല്ല ബാക്കി കോടാനുകോടി സംവത്സരങ്ങളിലൂടെ പരിണമിച്ച ജീവന്റെ വിചിത്ര വൈചിത്ര്യങ്ങൾക്കൊക്കെയും കളിയരങ്ങാണിത്. നമ്മുടെ ഈ ഭൂമിയിലേയുള്ള ജീവന്റെ കരടുരേഖകൾ അടക്കം ചെയ്ത അനന്തകോടി ബ്രഹ്മാണ്ഡം കാക്കത്തൊള്ളായിരം ജീനുകൾ. ഇവയ്ക്ക് ജീൻ കുളമെന്നും പറയും. ഇറങ്ങുന്നത് സൂക്ഷിച്ചു വേണം. നന്നായി വഴുക്കും.

ജീവനെന്നാലെന്താണ്?

മുപ്പത്തിമുക്കോടി ജൈവ (ജൈവ) തന്മാത്രകൾ പരസ്പരം പ്രതിപ്രവർത്തിച്ച് നമ്മളാവുന്നതെങ്ങനെ? നമ്മുടെ മനുഷ്യത്വമാവുന്നതെങ്ങനെ? ബോധമാവുന്നതെങ്ങനെ? സ്വത്വമാവുന്നതെങ്ങനെ? ബോധിസത്വനാകുന്നതെങ്ങനെ? അറിയില്ല; അല്ലേ?

എനിക്കും അറിയില്ല.

എന്നാൽ ആനുകാലികങ്ങൾ ആണയിട്ടുപറയുന്നു - ബുദ്ധൻ മടങ്ങി വരുന്നെന്ന്. തല മുണ്ഡനം ചെയ്ത് സംഘദീക്ഷയും പ്രാർത്ഥനയും ധ്യാനവുമായി ഒതുങ്ങാനല്ല; മറിച്ച് ദളിത് മുന്നേറ്റദീക്ഷയുടെ ഹിഡൻ അജണ്ടയുമായി.

ശാസ്ത്രദൃഷ്ട്യാ ബുദ്ധൻ ജനിച്ചിട്ടില്ല. മരിച്ചിട്ടുമില്ല. ഇത് ക്ലോണിങ്ങിന്റെയും ജനിതക എഞ്ചിനീയറിങ്ങിന്റെയും കാലം., വയസ്സെത്രയെന്ന് ചോദിച്ചാൽ കാർബൺഡേറ്റിങ് കാലം മൈനസ് ഡിഗ്രി സെൽഷ്യസിൽ പറയേണ്ടിവരും കാലം. ഇത്തിരികൂടി മുന്നോട്ടുപോയാൽ ഫിംഗർപ്രിന്റ് ഈസി എസ് കാർഡുകളിലൂടെ - എ. ടി. എം. കൗണ്ടറുകളിലൂടെ ഹൈ പവർ സൂപ്പർ ബ്രെയിൻ നവജാതശിശുക്കളെയും കിട്ടും കാലം.

ആധികാരികമായി ചിന്തിച്ചാൽ ഇതൊരു ഉട്ടോപ്യൻ സ്വപ്നമെന്ന് ചിരിച്ചുതള്ളേണ്ട കാര്യമേയല്ല. ബീജസങ്കലനം കഴിഞ്ഞ ഒരണ്ഡം എത്ര കാലത്തോളം ശീതികരിച്ചു സൂക്ഷിക്കാം. അതിലെ മുന്നൂറുകോടി ന്യൂക്ലിയോടൈഡുകളിൽ മനുഷ്യത്വത്തിന്റെ ഭാവിയും ഭൂതവും ചുരുക്കെഴുത്തായി ആലേഖനം ചെയ്തിരിക്കുന്നു. ഊർജ്ജതന്ത്രരസതന്ത്ര നിയമാനുസൃതം ഇവയിൽ ജീവൻ ചാർജ്ജുചെയ്യാവുന്നതാണ്. ഇതോടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങൾക്ക് - രക്തബന്ധങ്ങൾക്ക് പ്രസക്തി നഷ്ടപ്പെടും. ബന്ധങ്ങളുടെ വൈകാരികതീവ്രതകളൊക്കെയും മെഗാബൈറ്റുകളായി വെബ്സൈറ്റിലൊതുങ്ങും. സൈബർ രതിയുടെ വെർച്വൽനൈതികത വാഴ്ത്തുന്ന സിലിക്കോൺ കാവ്യങ്ങളാവും ഭാവികവിതയും സാഹിത്യവും.

ഭ്രൂണത്തിലെ സ്റ്റെം കോശഗവേഷണം മൂലം തുറന്നുകിട്ടുന്നത് ഇതുവരെയറിയാത്ത ധാർമ്മികതയുടെ പുതു ചക്രവാളമാണ്. അതൊരു കുഞ്ഞായിപ്പിറന്നില്ലെങ്കിലെന്ത്? അസാധാരണകഴിവുകളുള്ള ഭ്രൂണ കോശത്തെ ഏതുതരം മാറാവ്യാധിക്കും പ്രതിവിധിയാക്കാം. എവിടെയാണ് രോഗം? മസ്തിഷ്കമോ ഹൃദയമോ വൃക്കയോ? - ഏതു കോശമായും അവയെ പരിണമിപ്പിക്കാവുന്നതാണ്.

രോഗത്തിന്റെ കാര്യം പോട്ടെ. ബുദ്ധനെ തിരിച്ചു കൊണ്ടുവരണോ? അതും പറ്റും. പാലി ലിപിയുടെ പൊട്ടിയടർന്ന ഒരു തുണ്ടു മതി. ചുരയ്ക്കാത്തൊണ്ടിന്റെ ഉണക്കനാരായാലും മതി. ലാബിൽ കോശകലകളുടെ സാമ്പിളുകൾ പഞ്ചശീലതത്ത്വലായനിയിൽ വളർത്തിയെടുക്കാം. ഉദ്ദിഷ്ടവ്യക്തിയെത്തന്നെ നിർമ്മിക്കാം.

സ്നേഹം, ദയ തുടങ്ങിയ അപൂർവ്വ ജീനുകളെ ഏതളവിലും പ്രോജക്റ്റ് ചെയ്തെടുക്കാവുന്നതാണ്. ഒരു പരീക്ഷണശാലയിലെ കോടാനുകോടി ടെസ്റ്റ്യൂബുകളിൽ, പൂരിതലായനിയിൽ ഉച്ചിക്കുടുമയോളം മുങ്ങി, അർദ്ധനിമീലിതനയനങ്ങളോടെ ബോൺസായ് പരുവത്തിൽ ഒരു കോടി ബുദ്ധന്മാർ! ആഗോള ഭീകരവാദഭീഷണികളിൽനിന്ന് മുക്തി നേടാൻ ഇതിലും വലിയ ഒറ്റമൂലിയെന്ത്?

മിന്നുന്ന ബുദ്ധനെ വേണോ? അതുമാവാം. ബിൻലാദന്റെ ഛായ കലർന്ന ബുദ്ധൻ? ബാമിയൻ ബുദ്ധൻ? താവോ? സെൻ? ഓർഡറനുസരിച്ച് നിർമ്മിക്കാം - എത്ര വേണമെങ്കിലും!

ജനിമൃതികളുടെ തിളങ്ങുന്ന മുത്തുകൾക്കകമേക്കൂടി നൂലിട്ടുപോകുന്ന കാലവും ബോധസ്മൃതികളും പ്രപഞ്ചവും മനുഷ്യത്വത്തിന്റെ പുതിയ അവതാരത്തിനായുള്ള ധ്യാനത്തിലും പ്രാർത്ഥനയിലുമാണ്. ഉപേക്ഷിക്കപ്പെടുന്ന കോശങ്ങൾ, മാനുഷികമൂല്യങ്ങൾ - കുഴിച്ചിടുകയോ കത്തിക്കുകയോ ആവാം. പാപപുണ്യങ്ങളുടെ കണക്കെടുക്കാൻ വരട്ടെ. മനുഷ്യനിൽ അർഹതയില്ലാത്തവയുടെ അതിജീവനമന്ത്രവുമായി മൃഗീയചോദനകളുടെ അന്തകജീനുകൾ പെരുകുന്നത് കാണുന്നില്ലേ? ഇന്നോളം ചികിത്സയേതും തിരിയാത്ത അധികാരം, മതം, ധനം തുടങ്ങിയ ഭ്രാന്തൻ രോഗങ്ങൾക്ക് പ്രതിരോധചികിത്സ കണ്ടെത്താൻ വൈകുന്നത് പുണ്യമോ പാപമോ?